## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2738** **10.07.2015- ൽ മറുപടിയ്ക്ക്**

### കൃഷി വകുപ്പ് വക ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 2011 മെയ് മാസം മുതൽ 2015 മെയ് വരെയുള്ള കാലയളവിൽ കൃഷി വകുപ്പ് വക എത്ര ഭൂമിയാണ് വിവിധാവശ്യങ്ങൾക്കായി മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമായി വിട്ടു നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്താമോ? | (എ) 2011 മെയ് മാസം മുതൽ 2015 മെയ് വരെയുള്ള കാലയളവിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി മറ്റു വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഏജൻസികൾക്കുമായി വിവിധാവശ്യങ്ങൾക്കായി വിട്ടു നൽകിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ജില്ലയിലെ വലിയതുറ കോക്കനട്ട് നഴ്സറിയുടെ 39 സെന്റ് സ്ഥലം എയർപോർട്ട് അതോറിറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>AUWM (കാർഷിക നഗര മൊത്ത വ്യാപാര വിപണി) ആനയറയിൽ നിന്നും കെ.എസ്.ആർ.റ്റി.സി. ഡിപ്പോ പണിയുന്നതിന് 3 ½ ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററിന് വേണ്ടി 37 ½ സെന്റ് സ്ഥലം പ്രസ്തുത വിപണിയിൽ നിന്നും പാട്ട വ്യവസ്ഥയിൽ കൈമാറിയിട്ടുണ്ട്.<br>2) പത്തനംതിട്ട ജില്ലയിലെ പന്തളം കരിമ്പ് വിത്തുല്പാദന കേന്ദ്രത്തിന്റെ 2.1868 ഹെക്ടർ സ്ഥലം നിർദ്ദിഷ്ട കോന്നി മെഡിക്കൽ കോളേജിന്റെ റോഡ് നിർമ്മിക്കുന്നതിനായി നൽകിയിട്ടുണ്ട്. കൂടാതെ പന്തളം ഫാമിന്റെ 8 ഏക്കർ സ്ഥലം കേന്ദ്രീയ വിദ്യാലയം നിർമ്മിക്കുന്നതിനായി നൽകുന്നതിന് സ.ഉ (എം.എസ്) നം.51/2015/ ആർ.ഡി., തീയതി.02.02.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |

3) കോട്ടയം ജില്ലയിലെ കോഴാ ജില്ലാ കൃഷിത്തോട്ടത്തിന്റെ 30 ഏക്കർ ഭൂമി സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന് കീഴിൽ സയൻസ് സിറ്റിക്കു വേണ്ടി നൽകുന്നതിന് സ.ഉ (സാധാ) നം.593/13/കൃഷി, തീയതി.03.04.2013 പ്രകാരം ഉത്തരവായിട്ടുണ്ട്.

എം.സി. റോഡിന്റെ വികസനത്തിനായി കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കോട്ടയം ജില്ലയിലെ കോഴാ ഫാമിന്റെ ഏകദേശം 42.2 ആർ. സ്ഥലം നൽകുന്നതിന് സ.ഉ (എം.എസ്)നം.507/14/റവന്യൂ, തീയതി. 06.12.2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

5) ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും 10 ഏക്കർ സ്ഥലം സ.ഉ (കൈ) നം.488/13/റവന്യൂ, തീയതി.01.11.2013 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

6) തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭാഗമായ 1 ഏക്കർ 12 ¾ സെന്റ് സ്ഥലം എൻ.എച്ച്. 47 ആറുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി നോട്ടിഫിക്കേഷൻ നൽകി വിട്ടുനൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് സംസ്ഥാനതലത്തിൽ അന്തിമ തീരുമാന ഉത്തരവ് ലഭിച്ചിട്ടില്ല.

7) പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഐ.എസ്.ഡി.ഫാമിൽ നിന്നും സർവ്വെ നം.194/1-ൽ 93.82 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

8) വയനാട് ജില്ലയിലെ സുൽത്താൻബത്തേരി ARWM (കാർഷിക ഗ്രാമീണ മൊത്ത വ്യാപാര വിപണി)-ൽ നിന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനായി 50 സെന്റ് സ്ഥലം വിട്ടുനൽകിയിട്ടുണ്ട്.

Sd/-
സെക്ഷൻ ഓഫീസർ